# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/03/2025

1. കൃഷി സമൃദ്ധി പദ്ധതിയുടെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം ഇന്ന് (19.03.2025) വൈകുന്നേരം 3 മണിക്ക് ശാർക്കര ഗവ. യു.പി.എസ്സിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു. ചിറയിൻകീഴ് എം എൽ എ വി.ശശി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആറ്റിങ്ങൽ എം പി അടൂർ പ്രകാശ് മുഖ്യപ്രഭാഷണം നടത്തുന്നു. ഇതിനോടനുബന്ധിച്ച് ഉച്ചയ്ക്ക് രണ്ടുമണിമുതൽ മംഗലാപുരം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് കർഷക സെമിനാറും കൃഷിവകുപ്പിന്റെ കേരള അഗ്രോ ഉൽപ്പന്നങ്ങളും, കൃഷിക്കൂട്ടങ്ങൾ, എഫ്പിഒ എന്നിവരുടെ ഉൽപ്പന്നങ്ങൾ, കർഷകരുടെ നാടൻ പച്ചക്കറികൾ എന്നിവയുടെ പ്രദർശനവും വിപണനവും ഉണ്ടായിരിക്കുന്നതാണ് .

2. കേരള സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ്റെ സഹായത്തോടെ ഹോർട്ടികൾച്ചർ മേഖലയിൽ നവീന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകും. ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്കുകളിൽ രൂപീകരിച്ചിട്ടുള്ള കർഷക ഉൽപ്പാദക സംഘങ്ങൾ, ജില്ലകളിൽ വിവിധ ഏജൻസികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ സാമ്പത്തികസഹായം ലഭിക്കാത്തതുമായ കർഷക ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് അപേക്ഷിക്കാം. പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, പ്ലാൻ്റേഷൻ വിളകൾ, കിഴങ്ങുവർഗങ്ങൾ, കൂൺ, തേൻ മുതലായ മേഖലകളിൽ വിളവെടുപ്പാനന്തര സേവനങ്ങൾക്കും മൂല്യവർധിത ഉൽപ്പന്ന നിർമാണത്തിനും ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ, പാക്ക് ഹൗസുകൾ, സംസ്കരണ യൂണിറ്റുകൾക്കാവശ്യമായ യന്ത്രസാമഗ്രികൾ, മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവയ്ക്ക്

പ്രോജക്ട് അധിഷ്ഠിത സഹായമായാണ് ആനുകൂല്യം നൽകുന്നത്. മാനദണ്ഡങ്ങൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിൻ്റെ 80 ശതമാനം സഹായമായി അനുവദിക്കും. അപേക്ഷ 22 നകം പ്രോജക്ട് പ്രൊപ്പോസലിനോടൊപ്പം അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പാക്കുന്ന മുട്ടക്കോഴി ഇൻറഗ്രേഷൻ പദ്ധതി (ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ നൽകി 45 ദിവസം പ്രായമാകുമ്പോൾ കോഴികളെ തിരിച്ചെടുക്കുന്ന പദ്ധതി) പ്രകാരം ഫാം നടത്താൻ താൽപ്പര്യമുള്ള തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകൾ/കോഴിവളർത്തൽ കർഷകർ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറകടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം-695024 എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അല്ലെങ്കിൽ kepcopoultry@gmail.com. എന്ന ഇ-മെയിൽ മുഖേന അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - 9745870454

4. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2025 മുതൽ 31/03/2026 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 24/03/2025-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ആഫീസിൽ നേരിട്ട് ബന്ധപ്പെടുകയോ, 0471-2732962 എന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക.

5. വെള്ളാനിക്കര കാർഷിക കോളേജ് പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ അക്വാപോണിക്സ് യൂണിറ്റിൽ വളർത്തിയ വരാല് മത്സ്യം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9847813402 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. വില്പന സമയം: 9:00 AM - 4:00 PM വരെയായിരിക്കും.

**പരിശീലന പരിപാടി**

6. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് മാർച്ച് 24-നു സസ്യ ഇനങ്ങളുടെ മേലുള്ള കർഷകരുടെ അവകാശ സംരക്ഷണ നിയമത്തെക്കുറിച്ചുള്ള സെമിനാറും ചക്ക വിഭവങ്ങളുടെ മത്സരവും നടത്തപ്പെടുന്നു. വിദഗ്ധർ നയിക്കുന്ന ക്ലാസ്സുകളോടൊപ്പം ഭൗമ സൂചിക പദവി ലഭിച്ച കാർഷിക വിഭവങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്. ചക്ക കൊണ്ടുള്ള വിഭവങ്ങളുടെ മത്സരത്തിൽ പങ്കെടുക്കുന്നവർ വിഭവങ്ങൾ തയ്യാറാക്കി കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മുതൽ 4 വരെ 9400483754 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ. ഐ .ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകഔഷധപ്രയോഗം എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ. ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 25-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പറിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ :training@rubberboard.org. in

8. വെള്ളാനിക്കര കർഷകഭവനത്തിൽ 2025 മാർച്ച് 22 ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ വളരുന്ന **മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഓഫീസ് നമ്പറായ 0487-2371104-ൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുക രജിസ്ട്രേഷൻ സൗജന്യമാണ്. 30 സീറ്റുകൾ മാത്രം.

**കാർഷിക നിർദേശം –**

9. കമുകിന്റെ ഒരു പ്രധാന പ്രശ്നമാണ് മഞ്ഞളിപ്പ്. ഇത് പല കാരണങ്ങളാൽ ഉണ്ടാകാം. മഴക്കാലത്തെ നീർവാർച്ച ഇല്ലാത്തതാണ് പ്രധാന കാരണം. മണ്ണിൽനൈട്രജന്, പൊട്ടാഷ്, മഗ്നീഷ്യം എന്നിവയുടെ അഭാവം മഞ്ഞളിപ്പിന് ഇടയാക്കും. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ചിട്ടയായ പരിചരണത്തിലൂടെയും സംയോജിത വളപ്രയോഗ രീതിയിലൂടെയും മഞ്ഞളിപ്പ് മാറ്റിയെടുക്കാം. എല്ലാവർഷവും ഓരോ തടത്തിലും ഒരു കിലോഗ്രാം വീതം കുമ്മായം ചേർക്കുന്നത് നന്നായിരിക്കും.

10. പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച്തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക.